കേരള സർക്കാർ

സംഗ്രഹം

സർവീസിലിരുന്നു മരണമടയുന്നവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന പദ്ധതി-വനം വകുപ്പിൽ ഗാർഡായിരിക്കെ അന്തരിച്ച ക്ലീറ്റസിന്റെ വിധവ ശ്രീമതി ജി. ബ്രിജിത്താമ്മയെ വനം വകുപ്പിൽ എൽ.ഡി. ക്ലാർക്കായി നിയമിക്കാൻ ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം,വന്യജീവി (എ) വകുപ്പ്

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 15/90/വനം തിരുവനന്തപുരം തീയതി 24-2-1990.

---

പരാമർശം:

1. ശ്രീമതി. ബ്രിജിത്താമ്മ 22-9-86-ൽ ഹർജികൾ സംബന്ധിച്ച് സമിതിക്കു നൽകിയ നിവേദനം.
2. 29-2-88 ലെ 19500/എ1/86/വനം നമ്പർ സർക്കാർ കത്ത്.
3. ജോലിക്കു വേണ്ടി 19-7-89-ൽ ശ്രീമതി ബ്രിജിത്താമ്മ സമർപ്പിച്ച അപേക്ഷ.
4. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 31-10-89 ലെ ഇ5-26509/86 നമ്പർ കത്ത്
5. കൊല്ലം ജില്ലാ കളക്ടറുടെ 15-10-89 ലെ ഡി.ഡിസ്. 49223/89 നമ്പർ കത്ത്
6. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 31-1-90 ലെ ഇ5-51467/88 നമ്പർ കത്ത്
7. ഒ.പി. 3795/88 എസ്സിൽ 7-2-90-ൽ ഹൈകോടതിയിലൂടെ വിധിന്യായം.

ഉത്തരവ്

വനം വകുപ്പിൽ പുനലൂർ ഡിവിഷനിൽ അഞ്ചൽ റെയിഞ്ചിൽ ഫോറസ്റ്റ് ഗാർഡായി സേവനം അനുഷ്ഠിച്ചു വരവേ 6-5-84-ൽ ശ്രീ.ജി. ക്ലീറ്റസ് മരണമടഞ്ഞു. മിക്കുമ്പോൾ ടിയാന് ഒന്നേകാൽ വർഷത്തിലേറേ സേവന ദൈർഘ്യമേ ഉണ്ടായിരുന്നുള്ളു. തന്റെ ഭർത്താവ് ഡ്യൂട്ടിയിലായിരുന്നപ്പോൾ വനം കൊള്ളക്കാരുടെ മർദ്ദനം ഏറ്റു അപമൃത്യു വരിച്ചതാണെന്നും, ആയതിനാൽ സർവീസിലിരുന്നു മരണമടയുന്നവരുടെ ആശ്രിതർക്കു തൊഴിൽ നൽകുന്ന പദ്ധതി പ്രകാരം തനിക്ക് ജോലി നല്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുപരാമർശം രണ്ടു പ്രകാരം ശ്രീമതി. ബ്രിജിത്താമ്മ ഹർജികൾ സംബന്ധിച്ച് സമിതിക്ക് നിവേദനം സമർപ്പിച്ചു. 17-12-87 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചതു) 34/87/പി.ആന്റ്..എ.ആർ.ഡി. പ്രകാരം അന്തരിച്ച ജി. ക്ലീറ്റസിനു രണ്ടു വർഷത്തെ സേവനം ഇല്ലാതിരുന്നതിനാൽ ശ്രീമതി ബ്രിജിത്താമ്മയ്ക്ക് ജോലി നൽകുവാൻ നിവൃത്തിയില്ലെന്നു പരാമർശം രണ്ടു പ്രകാരം സർക്കാർ ശ്രീമതി ബ്രിജിത്താമ്മയെ അറിച്ചിരുന്നു.

2. തുടർന്ന് ശ്രീമതി ബ്രിജിത്താമ്മയുടെ മുഖ്യമന്ത്രിക്കുള്ള ഒരു തുറന്ന കത്തു മലയാള മനോരമ ദിനപത്രത്തിൽ പ്രിസിദ്ധപ്പെടുത്തുകയും. ടി കത്തു ഹൈക്കോടതി ലെറ്റർ ഒ.പി. ആയി പരിഗണിക്കുകയും ചെയ്തു. 17-12-87 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചതു) 34/87/പി.ആന്റ്.എ.ആർ.ഡി പ്രകാരം വീണ്ടു സർക്കാർ ഈ കേസ് പരിശോധിക്കുകയും. മരണ കാരണം വ്യക്തമല്ലെങ്കിലും, ശ്രീമതി ബ്രിജിത്താമ്മയ്ക്ക് സർവീസിലിരുന്നു മരണ മടയുന്നവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന പദ്ധി പ്രകാരം ജോലി നൽകുവാൻ തീരുമാനിക്കുകയും, ആയതിനു വേണ്ട അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

3. പരാമർശം മൂന്നു പ്രകാരം ശ്രീമതി ബ്രിജിത്താമ്മ അപേക്ഷ സമർപ്പിച്ചു. പരാമർശം നാലു പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും, പരാമർശപ്രകാരം കൊല്ലം ജില്ലാ കളക്ടറും അപേക്ഷിയിൽമേലുള്ള റിപ്പോർട്ട് സമർപ്പിച്ചു. അന്തരിച്ച ക്ലീറ്റസ് രണ്ടു വർഷത്തെ സേവനമില്ലായിരുന്നതിനാൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും, കൊല്ലം ജില്ലാ കളക്ടറും അപേക്ഷയിൽ മേൽ യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈകൊള്ളുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എസ്.എസ്.എൽ.സി. പാസായ ശ്രീമതി ബ്രിജിത്താമ്മ എൽ.ഡി. ക്ലാർക്കായി നിയമനം ലഭിക്കാനാണ 'അപേക്ഷിച്ചിട്ടുള്ളത്. ടിയാൾക്ക് 38 വയസ് പ്രായമുണ്ട്. (ജനന തീയതി 23-4-1951) മരിച്ച സർക്കാർ ജീവനക്കാരന്റെ മരണ സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ വയസ്, വിദ്യാഭ്യാസയോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷക ഹാജരാക്കിയിട്ടുണ്ട്. പരാമർശം ആറ് പ്രകാരം വനം വകുപ്പ് തൃശൂർ സർക്കിളിൽ തൃശൂർ ഡിവിഷനിൽ ഒരു ലോവർ ഡിവിഷൻ ക്ലാർക്കിന്റെ ഒഴിവുള്ളതായി മുഖ്യവനപാലകൻ അിറച്ചിരിക്കുന്നു. മൂന്നാഴ്ച്ചയ്ക്കകം ശ്രീമതി ബ്രിജിത്താമ്മയ്ക്ക് നിയമനം നൽകണമെന്ന് പരാമർശം ഏഴിലെ വിധിന്യായത്തിൽ ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

4. മേൽ വിവരിച്ചിരിക്കുന്ന സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, വനം വകുപ്പിൽ ഗാർഡായി സേവനമനുഷ്ഠിക്കവേ അന്തരിച്ച ജി. ക്ലീറ്റസിന്റെ വിധവ ശ്രീമതി ജി. ബ്രിജിത്താമ്മയെ വനം വകുപ്പിൽ തൃശൂർ സർക്കിളിൽ, തൃശൂർ ഡിവിഷനിൽ എൽ.ഡി.ക്ലാർക്കായി നിയമിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ശ്രീമതി ബ്രിജിത്താമ്മയുടെ വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ പിരിശോധിച്ചു ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിധേയമായി ശ്രീമതി. ബ്രിജിത്താമ്മയെ എൽ.ഡി.ക്ലാർക്കായി വനം വകുപ്പിൽ നിയമിച്ചു കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് 28-2-1990 ന് മുൻപ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിക്കേണ്ടതാണ്. ശ്രീമിതി ബ്രിജിത്താമ്മയ്ക്ക് താല്പര്യമുള്ള ജില്ലയിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവിലേക്ക് ടിയാൾക്ക് സ്ഥലം മാറ്റം നൽകേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവണറുടെ ഉത്തരവിൻ പ്രകാരം)

പി.അച്ചുതൻ നമ്പ്യാർ,
അഡിഷണൽ സെക്രട്ടറ

ശ്രീമതി ജി. ബ്രിജിത്താമ്മ, കിണറുവിള,
പടിഞ്ഞാറ്റതിൽ ,
ശാസ്താംകോട്ട, കൊല്ലം ജില്ല.

രജിസ്റ്റേർഡ് തപാൽ ..

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം, ഫോറസ്റ്റ് കൺസർവേറ്റർ, തൃഷൂർ,കൊല്ലം ജില്ലാ കളക്ടർ, പബ്ലിക് റിലേഷൻ വകുപ്പ്.
അഡ്വക്കേറ്റ് ജനറൽ, എറണകുളം (8-2-90 ലെ കെ4-3795/88/ഒ.പി.പ്രകാരം)
(ആവരണ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, നിയമസഭാ കോംപ്ലക്സ് (3-6-89ലെ 10855/ഹർ എ3.86/ പ്രകാരം)
(ആവരണ കത്തു സഹിതം)
ചീഫ് സെക്രട്ടറിയുടെ അണ്ടർ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ.